ഭ്യാസ സൗകര്യങ്ങൾ വളരെ കുറവുള്ള പ്രദേശങ്ങൾ പ്രത്യേകമായി പരിഗണിക്കുന്നതാണ്.

(2) സംസ്ഥാനത്തെ കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. എൻ. അനിരുദ്ധൻ : കൈത്തറി നെയ്ത്ത് വ്യവസായം നേരിടുന്ന ഗുരുതരമായ പ്രതിസന്ധിക്ക് ഫലപ്രദമായ പരിഹാരം അടിയന്തിരമായി ഉണ്ടാകുന്നതിന് ഗവൺമെന്റിന്റെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. കൃഷി കഴിഞ്ഞാൽ ഇൻഡ്യയിൽ ഏറ്റവുമധികം ജനങ്ങൾ ഉപജീവനത്തിന് ആശ്രയിക്കുന്ന പരമ്പരാഗത തൊഴിലാണ് കൈത്തറി നെയ്ത്ത്. ഇൻഡ്യൻ കൈത്തറി നമ്മുടെ മഹത്തായ സംസ്കാരത്തിന്റെ മുതൽകൂട്ടാണ്. ഒരു സ്വയംതൊഴിൽ മേഖലകൂടിയാണിത്. വസ്ത്ര നിർമ്മാണ രംഗത്ത് ടെക്സ്റ്റൈൽ മില്ലുകൾ വരുന്നതിനുമുമ്പ് കൈത്തറി മാത്രമാണ് ഭാരതത്തിൽ ഉണ്ടായിരുന്നത്. ഇൻഡ്യയിലെ 30 ലക്ഷത്തോളം കുടുംബങ്ങൾ ഈ തൊഴിലിനെ ആശ്രയിച്ച് ജീവിക്കുന്നു. ഭാരതത്തിന്റെ മൊത്തം വസ്ത്ര ഉൽപ്പാദനത്തിന്റെ 20 ശതമാനം കൈത്തറി വസ്ത്രങ്ങളാണ്. പ്രതിവർഷം 1,500 കോടി രൂപയിലധികം വിദേശനാണ്യം നേടിത്തരുന്ന ഒരു പരമ്പരാഗത വ്യവസായമാണ് ഈ മേഖല. കേരളത്തിലെ പ്രധാന പരമ്പരാഗത വ്യവസായങ്ങളിലൊന്നാണ് കൈത്തറി. കേരളത്തിൽ രണ്ടര ലക്ഷത്തിലേറെ ജനങ്ങൾ ഈ തൊഴിലിനെ ആശ്രയിച്ച് ഉപജീവനം നടത്തിവരുന്നുണ്ട്. 1956 വരെ ഈ വ്യവസായത്തിന് സർക്കാർ പ്രാധാന്യം നൽകിയിരുന്നില്ല. 1956-ൽ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ കൈത്തറി രംഗത്ത് സഹകരണ ബാങ്കുകൾ വഴി പ്രവർത്തന മൂലധനം നൽകാൻ തയ്യാറായി. 1973-ൽ അന്നത്തെ പ്ലാനിംഗ് കമ്മീഷൻ അംഗം ശ്രീ. ജി. ശിവരാജൻ ചെയർമാനായി ഒരു പഠനസംഘത്തെ നിയോഗിച്ചു. ആ പഠനസംഘത്തിന്റെ ശുപാർശപ്രകാരം 1983 മുതൽ കൈത്തറി സെസ്സ് ഫണ്ട് സ്കീം നടപ്പാക്കി. അത് കൈത്തറി രംഗത്ത് മുന്നോട്ടുള്ള പോക്കിന് അനുഗുണമായി. ഒന്നും രണ്ടും പഞ്ചവൽസരപദ്ധതികൾ ഈ രംഗത്ത് ഇടനിലക്കാരെ ഒഴിവാക്കാൻ സഹകരണസംഘങ്ങൾ രൂപീകരിച്ചു. കേരളത്തിൽ 565 സഹകരണസംഘങ്ങളാണ് രൂപകരിച്ച് പ്രവർത്തനമാരംഭിച്ചത്. നിർഭാഗ്യകരമെന്ന് പറയട്ടെ, അതിൽ 185 സംഘങ്ങൾക്കുമാത്രമേ ലാഭകരമായി പ്രവർത്തിക്കാൻ കഴിഞ്ഞുള്ളൂ. കേരളത്തിലെ ഒരു ലക്ഷത്തോളം വരുന്ന കൈത്തറികളിൽ 65,000 തറികളും സഹകരണമേഖലയിൽ ഉള്ളതാണ്. ബാക്കിയുള്ളത് സ്വകാര്യ മേഖലയിലും. അതിൽ 72 ശതമാനം തിരുവനന്തപുരം, കണ്ണൂർ, കൊല്ലം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിലാണ് പ്രവർത്തിക്കുന്നത്. 1985-ലെ ടെക്സ്റ്റൈൽ പോളിസി, കൈത്തറി ഉൽപ്പന്നങ്ങളുടെ ഗുണമേൻമയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ളതായിരുന്നു. ഏഴും എട്ടും പഞ്ചവൽസരപദ്ധതികളുടെ ഫലമായി കൈത്തറി രംഗത്ത് ഉൽപ്പാദനം 14 ഇരട്ടിയായി വർദ്ധിച്ചു. ഉൽപാദനം 50 മില്യനിൽനിന്നും 700 മില്യനായി വർദ്ധിച്ചു. കോടിക്കണക്കിന് രൂപ ഈ രംഗത്ത് സർക്കാർ പ്രോൽസാഹനമായി നൽകി. എന്നാൽ അത് ഉദ്ദേശിക്കുന്ന ഫലം ഉളവാക്കിയിട്ടില്ല. പുത്തൻ സാമ്പത്തിക നയത്തിന്റെ തിക്തഫലങ്ങൾ കൈത്തറി തൊഴിലാളികളും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. സ്പിന്നിംഗ് മില്ലുകളിൽ ഉൽപ്പാദനത്തിന്റെ 50 ശതമാനം കൈത്തറിമേഖലയ്ക്കു വേണ്ടി ഹാൻഡ് യാൺ, കഴിനൂൽ ഉൽപ്പാദിപ്പിക്കണമെന്നുള്ള വ്യവസ്ഥ പാലിക്കുന്നില്ല. കൈത്തറിമേഖലയ്ക്കു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി മാത്രമായി റിസർവ് ചെയ്തിരുന്ന ചിലയിനം തുണിത്തരങ്ങളുടെ ഉൽപ്പാദനം ഇന്ന് മില്ലുകൾ യഥേഷ്ടം നടത്തിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ കൈത്തറി മേഖലയ്ക്ക് നൽകിവന്ന സംരക്ഷണനടപടികൾ ഒന്നൊന്നായി ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. പ്രവർത്തനമൂലധനത്തിന്റെ അഭാവം, ഭീമമായ പലിശ, വിപണി കണ്ടെത്താനുള്ള വൈഷമ്യം ഇവയെല്ലാം ഈ രംഗത്തെ തളർത്തുന്ന പ്രതിസന്ധിക്കുള്ള പ്രധാന കാരണങ്ങളാണ്. പാവങ്ങളിൽ പാവങ്ങളാണ് ഈ രംഗത്ത് പണിയെടുക്കുന്നവർ. പട്ടികജാതി-പട്ടിക വർഗ്ഗക്കാർ, ദരിദ്രരായ പിന്നോക്കസ്ത്രീകൾ തുടങ്ങിയവരെല്ലാം ഇതിലുണ്ട്. ഇവരുടെ ഉന്നമനത്തിനുവേണ്ടി അനേകം ക്ഷേമപദ്ധതികൾ കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. എന്നാൽ അതൊന്നും പ്രായോഗികമായും ഫലപ്രദമായും നടക്കുന്നില്ലെന്നുള്ള ദുഃഖസത്യം നിലനിൽക്കുന്നു. മാർക്കറ്റിന്റെ അഭാവംനിമിത്തം കോടിക്കണക്കിന് രൂപയുടെ കൈത്തറി വസ്ത്രങ്ങൾ സംഘങ്ങളിൽ കെട്ടിക്കിടക്കുന്നു. ഉൽപ്പാദനമാന്ദ്യം ഉണ്ടാകുന്നു. തൊഴിൽ സാധ്യതകൾ കുറയുന്നു. പ്രാഥമിക സംഘങ്ങളെയും നെയ്ത്തുകാരെയും രക്ഷിക്കുന്നതിന് ആരംഭിച്ച സ്ഥാപനങ്ങളാണ് ഹാന്റെക്സും, ഹാന്റ്വീവും. ഈ അപ്പെക്സ് സംഘങ്ങളുടെ പ്രവർത്തനം ഫലപ്രദമല്ല. ഹാന്റെക്സിൽ അഴിമതി കൊടികുത്തി വാഴുന്നതായി പരാതിയുണ്ട്. കൈത്തറി മാഫിയയെ ഒതുക്കുവാൻ വന്ന എം.ഡി. സർവാധിപതിയായി സംഘങ്ങളെ ഒതുക്കിക്കൊണ്ടിരിക്കുന്നു. ഇയാൾക്ക് കൈത്തറി നെയ്ത്തുമായി ഒരു പുലബന്ധം പോലുമില്ല. ഈ സഹകരണ സ്ഥാപനത്തിന്റെ ജനകീയ സ്വഭാവം ഇല്ലാതാകുന്നതിനുമുമ്പ് അയാളെ പറഞ്ഞയച്ച് അംഗസംഘങ്ങളെ രക്ഷിക്കണം. കൈത്തറി തുണിവിൽപന പ്രോൽസാഹിപ്പിക്കുവാൻ സർക്കാർ റിബേറ്റ് ഏർപ്പെടുത്തുന്നു. 50 ശതമാനം സംസ്ഥാനവും 50 ശതമാനം കേന്ദ്രവും നൽകണമെന്ന വ്യവസ്ഥയാണത്. എന്നാൽ കേന്ദ്രം റിബേറ്റാനുകൂല്യം നിർത്തലാക്കി. അതിനു പകരം മാർക്കറ്റ് ഡെവലപ്പ്മെന്റ് അസിസ്റ്റന്റ് (എം.ഡി.എ) ആയി ഒരു തുക നൽകുന്നുണ്ട്. പുതിയ നിയമമനുസരിച്ച് അതും നിർത്തലാക്കാനാണ് കേന്ദ്രം ആലോചിക്കുന്നത്. എന്നാൽ ഇതുരണ്ടും നെയ്ത്തുസംഘങ്ങൾക്ക് കാലാകാലങ്ങളിൽ ലഭിക്കുന്നില്ല. 60 കോടി രൂപയുടെ റിബേറ്റ് കുടിശ്ശിക നൽകാനുണ്ട്. എം.ഡി.എ. കുടിശ്ശിക 20 കോടിരൂപയുണ്ട്. ഈ തുക ലഭിക്കാതെ പ്രാഥമിക സംഘങ്ങൾ എങ്ങനെ മുന്നോട്ടുപോകും? ഈ തുകയ്ക്ക് 10 ശതമാനം പലിശ ഈ പ്രാഥമിക സംഘങ്ങൾ കൊടുക്കേണ്ടതാണ്. പ്രൈമറി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ വാങ്ങി അവർക്ക് രക്ഷ നൽകേണ്ടത് ഹാന്റക്സാണ്. അവർ തുണി വാങ്ങുന്നുമില്ല, വാങ്ങിയതിനുള്ള പണം കൊടുക്കുന്നതുമില്ല. ഹാന്റക്സ് പ്രൈമറി സംഘങ്ങൾക്ക് നൽകാനുള്ള തുകയ്ക്കും ആ പ്രൈമറി സംഘങ്ങൾ പലിശ കൊടുക്കണം. വിദേശ മാർക്കറ്റ് കൈത്തറി രംഗത്ത് സഹായകരമായിരുന്നു. കേരളത്തിൽ ആ ചുമതല നിർവഹിക്കേണ്ടത് ഹാന്റക്സാണ്. ഫലപ്രദമായി അത് ചെയ്യാൻ അവർക്ക് കഴിയുന്നില്ല. ആ വിദേശകമ്പോളം പ്രൈവറ്റ് മേഖല കൈയ്യടക്കുന്നു. സംഘങ്ങളാകട്ടെ നട്ടംതിരിയുന്നു. ഹാന്റക്സ് ഇൻഡെന്റ് നൽകിയാൽ ഏതു തുണിത്തരവും അംഗസംഘങ്ങൾ ഉൽപാദിപ്പിച്ചുനൽകും. സാവകാശം പണം നൽകിയാൽ മതി. എന്നാൽ അവർ അതിന് തയ്യാറാകാതെ ഹാന്റക്സ് വൈവിദ്ധ്യത്തിന്റെ പേരിൽ പുറംസ്ഥാപനങ്ങളിൽനിന്ന് തുണിത്തരങ്ങൾ വാങ്ങുകയാണ്. അങ്ങനെ ചെയ്യുന്നത് സാധാരണ സംഘങ്ങളോടുള്ള വൈരനിര്യാതനബുദ്ധിയോടുകൂടിയുള്ള പ്രവർത്തനവും ബൈലായുടെ ലംഘനവുമാണ്. കൈത്തറി രംഗത്തെ ക്ഷേമപദ്ധതികൾ പ്രവർത്ത

LIBRARY ARCHIVES Kerala Legislative Assembly

നക്ഷമമല്ല. ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാകുന്നുമില്ല. എല്ലാ തൊഴിലാളികളെയും ഈ പദ്ധതിയിൽ അംഗങ്ങളാക്കുന്നില്ല. ഇടതുപക്ഷജനാധിപത്യമുന്നണി ഗവണ്മെന്റിന്റെ ക്ഷേമപദ്ധതികൾ പ്രാവർത്തികമാക്കാതെ പരമ്പരാഗത വ്യവസായത്തിലെ തൊഴിലാളികൾ നിരാശരാണ്. ശമ്പളം കൊടുത്തിട്ട് മാസങ്ങൾ പലതായ വ്യവസായ സഹകരണസംഘങ്ങളുമുണ്ട്. ഈ സാഹചര്യത്തിൽ വ്യവസായത്തെയും തൊഴിലാളികളെയും രക്ഷിക്കുന്നതിന് അടിയന്തിരമായി സർക്കാർ ചില കാര്യങ്ങൾ ചെയ്യണം. ഭീമമായ പലിശ ഈ രംഗത്തെ തളർത്തുന്നു. കയർ സംഘങ്ങളെ രക്ഷിക്കാൻ സർക്കാർ പലിശ സബ്സിഡി നൽകുന്നുണ്ട്. അത് കൈത്തറി മേഖലയ്ക്കും ബാധകമാക്കണം. കൈത്തറി മേഖലയോട് വിവേചനം കാണിക്കുന്നത് ശരിയല്ല. 60 കോടിയോളം രൂപ റിബേറ്റ് കുടിശ്ശിക കൊടുത്ത് ഈ പഞ്ഞമാസത്തിൽത്തന്നെ തൊഴിലാളികളെ രക്ഷിക്കണം. ഓണം അടുത്തിരിക്കുന്ന ഈ അവസരത്തിൽ അതുകൂടി ലഭിക്കാഞ്ഞാൽ ഈ സംഘങ്ങളിലെ തൊഴിലാളികൾ പട്ടിണിയിലാകും. എം.ഡി.എ. കുടിശിക 20 കോടിരൂപയുണ്ട്. അത് സത്വരമായി കൊടുക്കണം. അല്ലാത്തപക്ഷം ഈ സംഘങ്ങളിലെ പ്രവർത്തനം നിന്നു പോകും. പ്രാഥമിക സംഘങ്ങളിൽ കെട്ടിക്കിടക്കുന്ന തുണിത്തരങ്ങൾ പരമാവധി ഹാന്റ്ക്സിനെക്കൊണ്ട് എടുപ്പിക്കണം. എടുത്തിട്ടുള്ളതിന്റെ കുടിശ്ശിക ഉടൻനൽകാൻ ഹാന്റ്ക്സിനു നിർദ്ദേശം നൽകണം. പുറത്തുനിന്നുള്ള തുണി വാങ്ങൽ നിർത്തി സംഘങ്ങളെക്കൊണ്ട് ആവശ്യമുള്ള തുണി ഇൻഡെന്റ് നൽകി ഉൽപ്പാദിപ്പിച്ചുവാങ്ങണം. കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. അതിന് പരിഹാരം കാണണം. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്തണം. സ്ത്രീത്തൊഴിലാളികൾക്കുള്ള പ്രത്യേക ആനുകൂല്യങ്ങൾ കൈത്തറി രംഗത്തുമാത്രം ഇന്ന് ലഭ്യമല്ല. അത് അവർക്ക് ലഭ്യമാകുമെന്ന് ഉറപ്പുവരുത്തണം. കൈത്തറി പാക്കേജ് പദ്ധതിയുണ്ട്. അത് പൂർണ്ണമായും നടപ്പാക്കണം. കൂലി കാലോചിതമായി പുനർചിന്തനം ചെയ്ത് നിശ്ചയിക്കുകയും വേണം. ഈ രംഗത്തെ പ്രവർത്തനങ്ങൾക്ക് ഭംഗ്യന്തരേണ ചില അവഗണയുണ്ടോയെന്ന് തൊഴിലാളികൾക്ക് തീർച്ചയായും സംശയം ജനിച്ചിട്ടുണ്ട്. അത് പരിഹരിക്കേണ്ടത് ഗവൺമെന്റിന്റെ കടമയാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ കൈത്തറി രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പണം വകകൊള്ളിച്ചിട്ടുണ്ട്. എന്നാൽ കൈത്തറി രംഗത്ത് നിലവിലുള്ള പ്രശ്നങ്ങളുടെ ആഴം മനസ്സിലാക്കി അത് പരിഹരിക്കുന്നതിന് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പണം ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുകയും അങ്ങനെ വിനിയോഗിക്കാനുള്ള ഇച്ഛാശക്തി ഈ ഗവൺമെന്റ് കാണിക്കുകയും ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : കൈത്തറി വ്യവസായ മേഖലയിൽ അടിയ്ക്കടിയുണ്ടാകുന്ന അസംസ്കൃത വസ്തുവിന്റെ വിലക്കയറ്റംമൂലം ഉൽപ്പന്നങ്ങൾക്കുണ്ടാകുന്ന വിലവർദ്ധനവ്, ഉൽപ്പന്നങ്ങളുടെ വിപണനമാന്ദ്യം, കുറഞ്ഞ ചെലവിൽ യന്ത്രതറികളിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളുടെ മൽസരം, ലിബറലൈസേഷന്റെ ഫലമായി വിദേശരംഗത്തുനിന്നും ഇറക്കുമതി ചെയ്യുന്ന ഉൽപന്നങ്ങൾ ഇതെല്ലാം വലിയ പ്രതിസന്ധിയാണ് കൈത്തറി മേഖലയിൽ ഉണ്ടാക്കിയിട്ടുള്ളത് വടക്കൻമേഖലയിൽനിന്ന്, പ്രത്യേകിച്ച് കണ്ണൂർ മേഖലയിൽനിന്ന് നല്ല രീതിയിൽ എക്സ്പോർട്ട് നടന്നുകൊണ്ടിരുന്നതാണ്. ഇന്ന് ആ സ്ഥിതിക്ക് കുറെയേറെ മാറ്റം വന്ന് അവിടെയും ഒരു പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിസന്ധികൾക്കെല്ലാം പരിഹാരം കാണാൻ സംസ്ഥാന ഗവൺമെന്റ് സാമ്പത്തിക പരിമിതിക്കുള്ളിൽനിന്നുകൊണ്ട് ഏറെ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കൈത്തറിമേഖലയിൽ ആകർഷകമായ ഉൽപന്നങ്ങൾ, പ്രത്യേകിച്ച് കൈത്തറി ഉൽപന്നങ്ങൾ ആഭ്യന്തരവിപണിയിലുണ്ടാക്കുന്നതിനു വേണ്ടിയുള്ള കമ്പ്യൂട്ടർ ഡിസൈൻ സ്വീഡിഷ് സർക്കാരിന്റെ സഹായത്തോടുകൂടി സി-ഡിറ്റും കെൽട്രോണുമായി ചേർന്ന് ജക്കാഡ് ലൂമിൽ രൂപകൽപന ചെയ്ത് ഏതാണ്ട് അവസാന ഘട്ടത്തിലാണ്. അങ്ങനെ നമുക്കു നല്ല ഉൽപന്നങ്ങൾ മാർക്കറ്റിലിറക്കാൻ കഴിയും. കൈത്തറി സംഘങ്ങൾക്ക് കൂടുതൽ ഓഹരി പങ്കാളിത്തം കൊടുത്ത് അവരുടെ വായ്പ വർദ്ധിപ്പിക്കുന്നതിനും അതുവഴി ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കൂടുതൽ സഹായം ലഭിക്കുന്നതിനുമുള്ള നടപടികളെടുത്തിട്ടുണ്ട്. നെയ്ത്തുകാർക്ക് പണിശാലയും പണിശാലയോടുകൂടിയ വീടും തറിയില്ലാത്തവർക്ക് തറിയും ലഭ്യമാക്കുന്നതിന് ധനസഹായം നൽകുന്നു. നെയ്ത്തു സഹകരണസംഘങ്ങൾക്ക് കഴിനൂൽ സബ്സിഡി, കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കി, എന്നിട്ടും ആ സബ്സിഡി നമ്മൾ തുടർന്നു കൊടുക്കുകയാണ്. അതിന് ഹാന്റ്ക്സ്, ഹാൻവീവ് എറണാകുളത്തെ ജില്ലാ സഹകരണബാങ്ക് എന്നിവ വഴി സബ്സിഡി അനുവദിച്ചു നൽകിവരുന്നു. മുമ്പ് ഹാന്റ്ക്സിലും ഹാൻവീവിലും ഒതുങ്ങി നിന്നിരുന്ന പ്രോഡക്ട് പാക്കേജ് പദ്ധതി പ്രാഥമിക സംഘങ്ങൾക്കുപോലും നേരിട്ടു നടത്താനാകുന്ന വിധത്തിൽ മാറ്റി സംഘങ്ങളുടെ സമൂലമായ പുനരുദ്ധാരണത്തിന് വഴിയൊരുക്കുന്ന പദ്ധതി തുടർന്നു വരുന്നു. കയറ്റുമതി പ്രോൽസാഹനാർത്ഥം 20 ശതമാനം സബ്സിഡി കൊടുത്തു വരുന്നുണ്ട്. ഫാക്ടറി ടൈപ്പ് സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി തുടരുകയാണ്. ഹാന്റ്ക്സ്, ഹാൻവീവ് എന്നിവയുടെ പുനരുദ്ധാരണം, വികസനം എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കിവരുന്ന പദ്ധതികൾ, അവയിലെ കെട്ടിക്കിടക്കുന്ന ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിനും വിപണന സാധ്യതയുള്ള പുതിയ ഉൽപന്നങ്ങളുണ്ടാക്കുന്നതിനും വഴിയൊരുക്കിക്കൊണ്ടിരിക്കുകയാണ്. ഗുണമേന്മയുള്ള പുതിയ തരം വസ്ത്രങ്ങൾ നിർമ്മിക്കുന്നതിന് തൊഴിലാളികൾക്ക് പരിശീലനം നൽകിവരുന്നു. വിപണന മേഖലയുടെ വികസനം ലക്ഷ്യമാക്കി റിബേറ്റ്, എം.ഡി.എ എന്നീ പദ്ധതികളും തുടരുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ റിബേറ്റിൽ 1992-93 മുതൽ കുടിശ്ശികയായിരുന്നു. അതിൽ 18 കോടി രൂപ ഇതിനകം റിബേറ്റിനത്തിൽ മാത്രം കൊടുത്തു. 20 കോടിയിലധികം രൂപ എം.ഡി.എ ആയി കൊടുത്തു എന്നു പറഞ്ഞാൽ 15 കോടി രൂപ റിബേറ്റിനത്തിൽ കൂടുതലായി ചെന്നു. അപ്പോൾ 33 കോടി രൂപ റിബേറ്റിനത്തിൽ മാത്രം ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം കൊടുത്തു. ഇപ്പോൾ 7 കോടി 61 ലക്ഷം രൂപ കേന്ദ്രത്തിൽ നിന്നും എം.ഡി.എ വിഹിതമായി തന്നത് നാലര കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കി വിതരണം ചെയ്യുന്നതിനുള്ള നടപടി എടുത്തുവരുന്നു. ഇത്തവണത്തെ ബഡ്ജറ്റിൽ, റിബേറ്റിനത്തിൽ ഒന്നര കോടി രൂപ മാത്രമാണുള്ളത്. അതുകൂടി കൊടുക്കാനും നടപടി എടുത്തിട്ടുണ്ട്. 1999 മാർച്ച് മാസം വരെയുള്ള കണക്കുകൾ പരിശോധിച്ചപ്പോൾ അവരുടെ ക്ലെയിമനുസരിച്ച് 28 കോടി 65 ലക്ഷം രൂപയാണ് കുടിശ്ശിക. എം.ഡി.എ.യും റിബേറ്റും കൊടുത്തുകഴിയുമ്പോൾ 22 കോടി രൂപ മാത്രമാണ് കുടിശ്ശികയായി കിട്ടിയ ക്ലെയിമനുസരിച്ച് ഉള്ളത്. ഇനി കണ്ണൂരിൽനിന്നും തിരുവനന്തപുരത്തുനിന്നും ക്ലെയിമുകൾ കിട്ടാനുണ്ട്. ആ ക്ലെയിമുകൾ പരിശോധിച്ച് ആവശ്യമായ സംഗതികൾ ചെയ്യും. അതിനാവശ്യമായ നടപടികളെടുത്തുവരുന്നുണ്ട്. ഇന്ന് ഹാന്റ്ക്സിൽ ഏകദേശം 40 കോടി രൂപയുടെയും

LIBRARY ARCHIVES Kerala Legislative Assembly

ഹാൻവീവിൽ ഏകദേശം 18 കോടി രൂപയുടെയും തുണിത്തരങ്ങൾ കെട്ടിക്കിട ക്കുന്നു. ഹാന്റക്സ് ഈ വർഷം അവരുടെ നിലവിലുള്ള വിൽപനശാലകൾ വഴിയും പുതിയ 72 പ്രദർശന വിൽപന ശാലകളിലൂടെയും വിപണനം നട ത്താൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഹാൻവീവിന്റെ മൊത്തം സ്റ്റോക്കിന്റെ പഴക്കമുള്ള പത്തു ശതമാനം സ്റ്റോക്ക് പ്രത്യേക കിഴിവു നൽകി വിറ്റുതീർക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നു. വിപണനത്തിനാ യുള്ള പ്രദർശനവിൽപനശാലകളിലും എക്സ്പോകളിലും ഈ സ്ഥാപന ങ്ങളും കൈത്തറി സഹകരണസംഘങ്ങളും പങ്കെടുക്കുന്നുണ്ട്. ഹാന്റക്സ് ഗുണനിലവാരമുള്ള ഉൽപന്നങ്ങൾ ടാർജറ്റ് നിശ്ചയിച്ച് ഇൻഡെന്റ് നൽകി പ്രാഥമിക സഹകരണസംഘങ്ങളിൽനിന്ന് സ്വീകരിക്കുന്നുണ്ട്. പരമ്പരാഗത ഉൽപന്നങ്ങൾക്കു പുറമേ ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് നിറങ്ങ ളിലും ഡിസൈനുകളിലും മാറ്റം വരുത്തി വിവിധതരം തുണിത്തരങ്ങൾ ഉൽപാദിപ്പിക്കാൻ സംഘങ്ങൾ നടപടി എടുത്തുവരുന്നു. കാലിക്കട്ടിൽ ഒരു പ്രോസസിംഗ് ഹൗസ് 20 കോടി രൂപ ചെലവു ചെയ്ത് തുടങ്ങുന്നതിനുള്ള ആരംഭ സ്റ്റേജാണ് നടപ്പിലാക്കാൻ പോകുന്നത്. ആ പ്രോസസിംഗ് ഹൗസ് വട ക്കൻ മേഖലകളിലുള്ള കൈത്തറി സംഘങ്ങൾക്ക് വളരെയധികം പ്രയോജനം ചെയ്യുന്നതാണ്. ഇവിടെ ശക്തമായ ഒരാരോപണമുന്നയിച്ചത് പുറത്തുനിന്നും സാധനങ്ങൾ വാങ്ങി വിൽപന നടത്തുന്നു എന്നാണ്. കഴിഞ്ഞ കൊല്ലം ഹാന്റക്സ് 35 ലക്ഷം രൂപയുടെ സാധനം മാത്രമാണ് പുറത്തുനിന്നും വാങ്ങിയത്. ഹാൻവീവ് രണ്ടു കോടി രൂപയുടെ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ഇങ്ങനെ വാങ്ങിയത്, നമ്മുടെ ഷോറൂമുകൾ കൂടുതൽ സാരികളും മറ്റു സാധനങ്ങളുമൊക്കെയിട്ട് ആളുകളെ ആകർഷിക്കുന്നതിനുവേണ്ടിയാണ്. നമ്മുടെ സാരികൾ മാത്രം പ്രദർശിപ്പിച്ചാൽ പോരാ. ഇപ്പോൾ പുതിയൊരു സിൽക്കിന്റെ വീവിംഗ് തുടങ്ങിയിട്ടുണ്ട്. അതുവന്നു കഴിയുമ്പോൾ കുറച്ചുകൂടി മെച്ചമാകും. ഹാൻവീവ് മാത്രമാണ് അൽപം കൂടുതൽ വാങ്ങിയത്. അങ്ങനെ വാങ്ങിയതിന്റെ ഫലമായി 45 ശതമാനം വിൽപനയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. വലിയ രീതിയിലുള്ള മാറ്റങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഹാന്റക്സിൽ തെരഞ്ഞെടുക്കപ്പെട്ട സമിതികളില്ലാ യിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം തെരഞ്ഞെടുപ്പു നടത്തി തെരഞ്ഞെടുക്കപ്പെട്ട സമിതിയെയാണ് ഭരണം ഏൽപ്പിച്ചിരിക്കുന്നത്. 1997-ൽ ഓണക്കാലത്ത് സംഭരണവുമായി ബന്ധപ്പെട്ട ഗുരുതരമായ പല ക്രമ ക്കേടുകളും നടന്നതായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. അതിനെക്കു റിച്ച് അന്വേഷണം 425 ലക്ഷം രൂപയുടെ ജൗളി സംഭരിക്കാനുള്ള ബോർഡ് തീരുമാനത്തിനു വിരുദ്ധമായി ഏകദേശം 10 കോടി രൂപയ്ക്കുള്ള ജൗളി സംഭ രണം നടപ്പാക്കുകയുണ്ടായി. ചില സംഘങ്ങളിൽ നിന്ന് ടാർജറ്റിന്റെ ഇരട്ടി തുകയ്ക്കുള്ള ജൗളി സംഭരിച്ചതായും ഗുണനിലവാരമില്ലാത്ത ജൗളി അധിക വിലയ്ക്ക് സംഭരിച്ചതായും കാണുകയും അന്നത്തെ മാനേജിംഗ് ഡയറക്ട റുടെ ചാർജ്ജ് വഹിച്ചിരുന്ന മാർക്കറ്റിംഗ് മാനേജരുൾപ്പെടെ മൂന്ന് ഉയർന്ന ഉദ്യോഗസ്ഥൻമാരെ സസ്പെന്റ് ചെയ്യുകയും അവർക്കെതിരായ അന്വേഷണം നടന്നുവരുകയുമാണ്. കൈത്തറി സംഘങ്ങൾക്ക് നൽകിവരുന്ന പലിശ സബ്സിഡി തുടർന്നും നൽകുന്നതാണ്. ഇപ്പോൾ സംഘങ്ങൾക്ക് വിപണന സഹായ പദ്ധതിയായി അനുവദിക്കുന്നത്, എം.ഡി.എ. ഇനത്തിൽ അനുവദി ക്കുന്നതിന്റെ 75 ശതമാനം റിബേറ്റും, 25 ശതമാനം എക്സിബിഷനുകളിലും മറ്റും പങ്കെടുപ്പിക്കുന്നതിനുള്ള ചെലവുകൾ, വിൽപനയ്ക്ക് ആവശ്യമായ വാഹനം വാങ്ങൽ, പലിശ സബ്സിഡി എന്നീ ഇനത്തിൽ ചെലവഴിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനു നൽകുന്നു. 75 ശതമാനം സബ്സിഡി എന്നുള്ളത് കേന്ദ്രഗവൺമെന്റ് 50 ശതമാനമായി കുറച്ചിട്ടുണ്ട്. ഇത്തവണ മുതൽ എം.ഡി.എ. 50 ശതമാനം മാത്രമാണ് റിബേറ്റിനത്തിൽ കൊടുക്കാൻ കഴിയുന്നത്. വിവിധ കൈത്തറി സംഘങ്ങളിൽനിന്നും ലഭിക്കുന്ന പ്രോജക്ടുകൾ പരിശോധിച്ച് പ്രോജക്ട് പാക്കേജ് പദ്ധതി കേന്ദ്രത്തിനയയ്ക്കുന്നതിന് ഒരു പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ചെയർമാൻ ആയി സ്പെഷ്യൽ സെക്രട്ടറിയെ വച്ചിട്ടുണ്ട്. ഒരുപാട് കാര്യങ്ങൾ ഞങ്ങൾ ഈ രംഗത്ത് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ യന്ത്രത്തറികളിൽ നിന്നുള്ള തുണികളുടെ മൽസരവും വിദേശ വിപണിയിൽ നിന്നുള്ള ഉൽപന്നങ്ങളുടെ മൽസരവുമെല്ലാം നേരിട്ടുകൊണ്ടുവേണം നമ്മൾ ഇതിനെ അതിജീവിക്കാനുള്ളത്. പ്രത്യേകിച്ച്, തിരുവനപുരം മേഖലയിൽ പഴയ ട്രഡീഷണൽ ഉൽപന്നങ്ങളാണ് ഉൽപാദിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതിൽ നിന്നും മാറ്റം വരുത്താൻ കമ്പ്യൂട്ടർ ഡിസൈനിംഗ് ബാലരാമപുരത്ത് തുടങ്ങിയിരിക്കുന്നു. ഇത്തരത്തിൽ ഒരുപാടു കാര്യങ്ങൾ കൈത്തറി മേഖലയിൽ ചെയ്തിട്ടുണ്ട്. പ്രതിസന്ധികളുണ്ട്. അതു മുറിച്ചു കടക്കാനുള്ള മാർഗ്ഗങ്ങളും നമ്മളെടുത്തുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എൻ. അനിരുദ്ധൻ</u> : ബഹുമാന്യയായ മന്ത്രി പറഞ്ഞ തിയറി എനിക്കു മനസ്സിലായി. ഞാനൊരു സംഘത്തിന്റെ പ്രസിഡന്റാണ്. പ്രാക്ടിക്കൽ ഫീൽഡിൽ ഈ കാര്യങ്ങൾ നടക്കുന്നില്ല എന്നുള്ള ദുഃഖ സത്യം ഇപ്പോഴും നിലനിൽക്കുകയാണ്. ഈ ഗവൺമെന്റ് ഒരുപാടു കാര്യങ്ങൾ ചെയ്യുന്നുണ്ട്, ചെയ്യുന്നില്ല എന്നു ഞാൻ പറയുന്നില്ല. അതു ഫലപ്രമായി സമയാസമയങ്ങളിൽ വിനിയോഗിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ? ഓണത്തിനു മുമ്പുതന്നെ എം.ഡി.എ. കുടിശ്ശികയും റിബേറ്റ് കുടിശ്ശികയും സംഘങ്ങൾക്ക് നൽകുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ഇവിടെ പ്രധാന പ്രശ്നം റിബേറ്റ് കുടിശ്ശികയും എം.ഡി.എ. കുടിശ്ശികയുമാണ്. ഇപ്പോൾ കൊടുക്കുന്ന തുക കൂടിയാകുമ്പോൾ 1997-98 വരെയുള്ള എം.ഡി.എ. കൊടുത്തുതീർത്തു. ബാക്കിയുള്ള കുടിശ്ശികയുടെ കാര്യമാണ് ഞാൻ പറഞ്ഞത്. ഇതെല്ലാം കൊടുത്തുകഴിയുമ്പോൾ റിബേറ്റിനത്തിൽ ഏതാണ്ട് 22 കോടി രൂപയുണ്ട്. സമയാസമയം കൊടുക്കണമെങ്കിൽ സാമ്പത്തികസ്ഥിതി വളരെ പ്രധാനമാണ്. 1992 മുതലാണ് കഴിഞ്ഞ ഗവൺമെന്റ് കുടിശ്ശികയിട്ടിരുന്നത്. കുടിശ്ശികയടക്കമാണ് ഞങ്ങൾ കൊടുത്തുതീർത്തത്. ഇനിയും വരുന്നത് എത്രയാണെന്നും അത് സാമ്പത്തിക സ്ഥിതിയനുസരിച്ചു മാത്രമേ കൊടുക്കാൻ കഴിയൂ എന്നുമാണ് പറയാനുള്ളത്. അതിനാവശ്യമായ എല്ലാ സമ്മർദ്ദങ്ങളും ചെലുത്തിക്കൊണ്ടിരിക്കുകയാണ്.

III. സബ്മിഷൻ

(1) നെടുമങ്ങാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നടന്ന അക്രമസംഭവം

<u>ശ്രീ. പാലോട് രവി</u> : നെടുമങ്ങാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ പരിശോധനാമുറിയിൽ ബുധനാഴ്ച വൈകുന്നേരം കടന്നുകയറിയ ഒരു സംഘം അക്രമികൾ പരിശോധനയിൽ ഏർപ്പെട്ടിരുന്ന ഡോക്ടറേയും മറ്റു മൂന്നുപേരെയും രണ്ട് ജീവനക്കാരെയും ക്രൂരമായി മർദ്ദിച്ചു. ഡോക്ടർക്ക് തല്ലു കിട്ടിയില്ല, ഡോക്ടർ മാറിനിന്നു. സി.ഐ.ടി.യു. ഡി.വൈ.

LIBRARY ARCHIVES Kerala Legislative Assembly